# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P<br>9447083300 | Adv. SIBYKUTTY FRANCIS<br>9447303578 | V.SUDHEER KUMAR<br>7012655030 |


No. KEEC/GL/2022/50

തിരുവനന്തപുരം
30.07.2022

സ്വീകർത്താവ്

ബഹു. ചീഫ് എഞ്ചിനീയർ (HRM)
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

വിഷയം: Central Electricity Authority റെഗുലേഷൻ Draft 2022 - നിലവിലുള്ള ജീവനക്കാരെ ട്രെയിനിംഗ് നൽകി സംരക്ഷിക്കാം - ITI/Diploma പാസ്സാകേണ്ടതില്ല ~~എന്ന~~ Government Order പുതുക്കി ഇറക്കുന്നത് സംബന്ധിച്ച്.

സൂചന :
1. G.O.(Ms)No.4/2022/POWER, dated 21.04.2022
2. വിവരാവകാശ നിയമപ്രകാരം 21.02.2022 ന് CEA New Delhi ക്ക് നൽകിയ അപേക്ഷ
3. വിവരാവകാശ നിയമപ്രകാരം PIO, CEA New Delhi ൽ നിന്നും 28.03.2022 ന് ലഭിച്ച മറുപടി
4. Draft regulation 2022–Regulation 6, 7, Page 9,10 website of CEA
5. ആദ്യ വിവരാവകാശത്തിൻമേലുള്ള അപ്പീലിന്റെ മറുപടി

Central Electricity Authority റെഗുലേഷൻ പേരിൽ KSEB ഫീൽഡ് ജീവനക്കാരുടെ പ്രമോഷൻ നാളുകളായി തടയപ്പെട്ടിരുന്നു. വിഷയം ബഹു.സുപ്രീം കോടതി വരെ എത്തുകയും നിലവിലുള്ളവരെ സംരക്ഷിക്കുവാൻ സുപ്രീം കോടതിയും ബഹു.ഹൈക്കോടതിയും ഉത്തരവിടുകയും ചെയ്തിരുന്നു. എന്നാൽ KSEB യും കേരളാ ഗവൺമെന്റും അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശത്തിന് വിടുകയും കോടതി വിധികൾക്ക് വിരുദ്ധമായി ഗവൺമെന്റ് ഓർഡർ ഇറക്കുകയും (സൂചന 1) പ്രമോഷൻ വ്യവസ്ഥകളോടെ പുറത്തിറക്കുകയുമുണ്ടായി. ഗവൺമെന്റ് ഉത്തരവ് പ്രകാരമുള്ള ITI/Diploma 5/7 വർഷത്തിനുള്ളിൽ പാസ്സാകണം എന്നുള്ളത് പ്രയോഗികമായി നടക്കുന്ന കാര്യമല്ല. കാരണം Part time ITI കോഴ്സ് ഇപ്പോൾ ഇല്ല. Part time Diploma കേരളത്തിൽ 2 Polytechnic ൽ മാത്രമേയുള്ളു. ഇത് ജീവനക്കാരെ വിഷമഘട്ടത്തിലാക്കി. ഈ സാഹചര്യത്തിൽ ഇതിന് ഏക പോംവഴി Central Electricity Authority വഴി ഇതിന് പരിഹാരം കാണുക എന്നതിനാൽ ഞങ്ങൾ CEA ഓഫീസിൽ നേരിട്ട് ബന്ധപ്പെട്ട് കത്തുകൾ നൽകി. ഇപ്പോൾ Central Electricity Authority റെഗുലേഷൻ 2022 പബ്ലിഷ് ചെയ്തിരിക്കുകയാണ്. അതിൽ റെഗുലേഷൻ 6 ലും 7 ലും ജീവനക്കാരെ സംരക്ഷിച്ചിരിക്കുകയാണ്. പ്രസക്ത ഭാഗങ്ങൾ പകർപ്പ് വയ്ക്കുന്നു. അങ്ങനെ ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ ഏറ്റവും വലിയ പ്രശ്നത്തിന് പരിഹാരം ഉണ്ടായിരിക്കുകയാണ്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡോ, കേരളാ ഗവൺമെന്റോ

മനസ്സിലാക്കാത്ത കാര്യം Central Electricity Authority മനസിലാക്കിയിരിക്കുന്നു. ട്രെയിനിംഗ് നൽകിയാൽ മതിയെന്ന് Draft റെഗുലേഷൻ 2022 ൽ റെഗുലേഷൻ 6,7 പ്രകാരം പ്രതിപാദിച്ചിരിക്കുന്നു. നിലവിലുള്ള ജീവനക്കാർക്ക് ഒന്നുകിൽ Power Sector council അല്ലെങ്കിൽ CEA Recognised Training Institute ൽ നിന്നും വിവിധ കാലയളവിലുള്ള ട്രെയിനിംഗ് നൽകിയാൽ മതി. 5 വർഷമോ അതിൽ കൂടുതലോ പ്രവർത്തന പരിചയമുള്ളവർക്ക് 80 മണിക്കൂറും അതിൽ കുറവ് പരിചയം ഉള്ളവർക്ക് 350 മണിക്കൂറുമാണ് ട്രെയിനിംഗ് നൽകേണ്ടത്. 2016 ൽറെഗുലേറ്ററി കമ്മീഷനിൽ ഹിയറിംഗിൽ വാദിച്ചപ്പോൾ ബോർഡും കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷനും അവിടെ വാദിച്ചത് ട്രെയിനിംഗ് നൽകിയാൽ മതിയെന്നാണ്.

ഇന്ത്യയിൽ ഏതൊക്കെ സംസ്ഥാനങ്ങളിൽ Central Electricity Authority റെഗുലേഷൻ 6,7 നടപ്പാക്കി എന്ന കാര്യം വിവരാവകാശ നിയമപ്രകാരം ഞങ്ങൾ CEA യുടെ പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും എങ്ങും നടപ്പാക്കിയിട്ടില്ലാത്തതിനാൽ വളച്ചുകെട്ടി ഒരു മറുപടി ലഭിക്കുകയും ചെയ്തു (സൂചന 3). അതിനെതിരെ അപ്പീൽ നൽകുകയും അപ്പീലിലും ഉത്തരം വ്യക്തമല്ലായെന്നുള്ളതിൽ നിന്നും വളരെ വ്യക്തമാണ് ഇന്ത്യയിൽ ഒരു സംസ്ഥാനത്തും ഇത് നടപ്പിലാക്കിയിട്ടില്ലായെന്ന വസ്തുത. ഇത് സൂചിപ്പിച്ച് കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC) Central Electricity Authority ക്ക് കത്ത് നൽകി. ഒരിടത്തും പൂർണ്ണമായി നടപ്പാക്കാത്ത വ്യവസ്ഥകൾ കേരളത്തിൽമാത്രം നടപ്പിലാക്കുന്നത് നീതി നിഷേധമാണെന്ന് കാണിച്ച് വീണ്ടും CEA ക്ക് കത്ത് നൽകി.

ഇപ്പോൾ CEA റെഗുലേഷൻ Draft 2022 പ്രസിദ്ധീകരിച്ചിരിക്കുകയാണ്. ഇതിൽ റെഗുലേഷൻ 6,7 പ്രകാരം, നിലവിലുള്ള ജീവനക്കാരെ യോഗ്യതകൾ ഇല്ലാതെ സംരക്ഷിക്കുന്നതിന് തടസ്സമില്ല. ഈ സാഹചര്യത്തിൽ G.O.(Ms)No.4/2022/POWER, dated 21.04.2022 ലെ ITI/Diploma യോഗ്യത നേടണമെന്നുള്ള വ്യവസ്ഥ നീക്കം ചെയ്ത് പുതിയ Government Order പുറത്തിറക്കുന്നതിനുള്ള നടപടി തുടങ്ങണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

Silyfrantty

അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്
വർക്കിംഗ് പ്രസിഡന്റ്

**ഉള്ളടക്കം**

1. ഗവൺമെന്റ് ഓർഡറിന്റെ പകർപ്പ്.
2. വിവരാവകാശ നിയമപ്രകാരം CEA ക്ക് 21.02.2022 ന് നൽകിയ അപേക്ഷയുടെ പകർപ്പ്.
3. വിവരാവകാശ നിയമപ്രകാരം PIO, CEA New Delhi ൽ നിന്നും 28.03.2022 ന് ലഭിച്ച മറുപടിയുടെ പകർപ്പ്.
4. Draft regulation 2022 – Regulation 6, 7, Page 9-10
5. ആദ്യ വിവരാവകാശത്തിൻമേലുള്ള അപ്പീലിന്റെ മറുപടിയുടെ പകർപ്പ്.